

വിട്ട്ല സിപിസിആർഐയിൽ നടന്ന കാർഷികമേള കേന്ദ്രമന്ത്രി സി.വി. സദാനന്ദ ഗൗഡ ഉദ്ഘാടനം ചെയ്യുന്നു.

# തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ കാർഷിക മേള

സുള്ള്യ● ഗവേഷണ സ്ഥാപനങ്ങൾ കൃഷിയുമായി ബന്ധപ്പെട്ടു കൂടുതൽ ഗവേഷണ കേന്ദ്രങ്ങൾ നടത്തുന്നതിനൊപ്പം കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടറിഞ്ഞു സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നു കേന്ദ്ര നിയമമന്ത്രി ഡി.വി. സദാനന്ദ ഗൗഡ.

കേന്ദ്രീയ തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ നടന്ന കാർഷിക മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാർഷിക മേഖലയിൽ നിരന്തരം ഗവേഷണങ്ങൾ ആവശ്യമാണ്. കർഷകരുടെ കൃഷിയിടത്തിലും ഗവേഷണം നടത്തണം.

എല്ലാ ഇനം വിത്തുകൾ ലഭ്യമാക്കാനും മണ്ണിന്റെ ഗുണമേന്മ, കാലാവസ്ഥ എന്നിവയെക്കുറിച്ചും കൂടുതൽ ഗവേഷണം ആവശ്യമാണെന്നു സദാനന്ദ ഗൗഡ പറഞ്ഞു.

ശകുന്തള ഷെട്ടി എംഎൽഎ അധ്യക്ഷത വഹിച്ചു.

കാംപ്കോ പ്രസിഡന്റ് കോങ്കാടി പദ്മനാഭ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആശാ തിമ്മപ്പ, അംഗം ഷൈലജ ഭട്ട്, നരസിംഹ നായ്ക്, ഡോ.എൻ. വെങ്കിടേഷ്, മഞ്ജുശ്രീനിവാസ ആചാർ, ശ്രീപദ്രെ, ബാബുലാൽ, കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ. പി. ചൗഡപ്പ, വിട്ട്ല സിപിസിആർഐയിലെ ഡോ.കെ.എസ്. ആനന്ദ് തുടങ്ങിയവർ പ്രസംഗിച്ചു.

കാർഷിക മേളയോടനുബന്ധിച്ച് സെമിനാർ, കാർഷിക പ്രദർശനം എന്നിവ നടന്നു.